# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ-ഇകെഎം(ബിപി)957/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 07/07/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാമ്പാക്കട ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പാമ്പാക്കട ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാമ്പാക്കട ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, (ഉപരിപത്രം സഹിതം)
2, അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) എറണാകുളം,
3, കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ-ഇകെഎം(ബിപി)957/22 തീയ്യതി: 07/07/2022

## എറണാകുളം ജില്ലയിലെ പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-02-2019 മുതൽ 31-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| മിനിമോൾ കെ ജി | ജോയിന്റ് ഡയറക്ടർ | 26-05-2022 | 01-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 26-05-2022 | 01-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. മിനു.പി.കെ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി.റസിയബീവി.ജെ,ഓഡിറ്റ് ഓഫീസർ
ശ്രീ.ഹരീഷ്ബാബു എൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീമതി. കവിത.എസ്.കണ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. സ്വപ്ന.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുമിത് സുരേന്ദ്രൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി. ആലീസ് ഷാജു | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.ബിജു.ടി.പോൾ | സെക്രട്ടറി | 01-04-2020 | 03-02-2021 |
| ശ്രീ. സാബു.കെ.മാർക്കോസ് | സെക്രട്ടറി | 04-02-2021 | 07-02-2021 |
| ശ്രീ. വിനീത്.കെ.എം | സെക്രട്ടറി | 08-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ജൂഡ് ജോസഫ് . സി.ഡി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 12-01-2021 |
| ശ്രീമതി. ജാസ്മിൻ മോൾ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 13-01-2021 | 31-03-2021 |
| ശ്രീ. രതീഷ് രവീന്ദ്രൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി നദീറ എച്ച് | ശിശു വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി സജിത ഡി | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ശ്രീലത വി സി | ക്ഷീര വികസന ഓഫീസർ | 01-04-2020 | 10-06-2020 |
| ശ്രീമതി പ്രിയ ജോസഫ് | ക്ഷീര വികസന ഓഫീസർ | 11-06-2020 | 31-03-2021 |
| ഡോ. ആശാമോൾ സി | മെഡിക്കൽ ഓഫീസർ സിഎച്ച്സി പാമ്പാക്കട | 01-04-2020 | 31-03-2021 |
| ഡോ. ജോബ് സി ഒ | മെഡിക്കൽ ഓഫീസർ സിഎച്ച്സി രാമമംഗലം | 01-04-2020 | 31-03-2021 |
| ശ്രീ. അശ്വിൻ പി.ജി. | വ്യവസായ വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ ഫിലിപ്പ് വർഗീസ് | അസിസ്റ്റന്റ് കൃഷി ഡയറക്ടർ | 01-04-2020 | 05-08-2020 |
| ശ്രീമതി. ഗായത്രി.എം.എൻ | അസിസ്റ്റന്റ് കൃഷി ഡയറക്ടർ | 06-08-2020 | 15-09-2020 |

| | | | |
|---|---|---|---|
| ശ്രീമതി. പ്രിയദർശിനി | അസിസ്റ്റന്റ് കൃഷി ഡയറക്ടർ | 16-09-2020 | 01-12-2020 |
| ശ്രീ. സുനിൽ. കെ.പി | അസിസ്റ്റന്റ് കൃഷി ഡയറക്ടർ | 02-12-2020 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.K.Minu (Audit Officer, On 26-05-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Kavitha S Kannan (Senior Grade Auditor, On 26-05-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 1-2 |
| 3 | വാർഷികകണക്കുകളിലെ അപാകതകൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 01-06-2022)<br>Last Updated By: Joby George (Computer Assistant, On 07-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Kavitha S Kannan (Senior Grade Auditor, On 26-05-2022)<br>Last Updated By: P.K.Minu (Audit Officer, On 01-06-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Kavitha S Kannan (Senior Grade Auditor, On 26-05-2022)<br>Last Updated By: Joby George (Computer Assistant, On 07-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Kavitha S Kannan (Senior Grade Auditor, On 26-05-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Kavitha S Kannan (Senior Grade Auditor, On 26-05-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 26-05-2022) | 1-6 |
| 8 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: Swapna.V (Auditor, On 01-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 1-7 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Kavitha S Kannan (Senior Grade Auditor, On 01-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Kavitha S Kannan (Senior Grade Auditor, On 26-05-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 01-06-2022) | 1-9 |
| 11 | വരവ് രജിസ്റ്ററും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല<br>Written By: Swapna.V (Auditor, On 01-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 1-10 |
| 12 | കെട്ടിട വാടക- അപാകതകൾ<br>Written By: Swapna.V (Auditor, On 01-06-2022)<br>Last Updated By: Joby George (Computer Assistant, On 07-07-2022) | 1-11 |
| 13 | ലൈഫ് ഭവനപദ്ധതി-വിനിയോഗ വിവരം ലഭ്യമല്ല.<br>Written By: P.K.Minu (Audit Officer, On 31-05-2022)<br>Last Updated By: Joby George (Computer Assistant, On 07-07-2022) | 1-12 |
| 14 | ചെലവ് രേഖകളില്ലാതെ തുക നൽകി<br>Written By: P.K.Minu (Audit Officer, On 31-05-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 1-13 |
| 15 | കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനം-തുക കൈമാറിയതിന്റെ രേഖകളില്ല<br>Written By: P.K.Minu (Audit Officer, On 31-05-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 1-14 |
| 16 | പദ്ധതി രൂപീകരണം-ചെലവ് രേഖകൾ കൃത്യമല്ല<br>Written By: P.K.Minu (Audit Officer, On 31-05-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 05-07-2022) | 1-15 |
| 17 | മരുന്ന് പൂർണമായും ലഭ്യമായില്ല<br>Written By: Kavitha S Kannan (Senior Grade Auditor, On 31-05-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 1-16 |

| | | |
|---|---|---|
| 18 | രാമമംഗലം സി.എച്ച്.സി-പുൽത്തകിടി നിർമ്മാണം- അപാകതകൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 31-05-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 1-17 |
| 19 | ജനറേറ്റർ സ്ഥാപിക്കൽ- അനുമതി വിവരം ലഭ്യമാക്കേണ്ടതാണ്<br>Written By: Kavitha S Kannan (Senior Grade Auditor, On 31-05-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 1-18 |
| 20 | കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം രേഖപ്പെടുത്തിയിട്ടില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 31-05-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 1-19 |
| 21 | കരാറുകാരൻ ക്വാട്ട് ചെയ്തതിനേക്കാൾ അധിക നിരക്ക് നൽകി<br>Written By: Hareesh Babu .N (Asst. Audit Officer, On 31-05-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 1-20 |
| 22 | ടെണ്ടർ കിഴിവ് അന്തിമ ബില്ലിൽ കുറച്ചിട്ടില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 31-05-2022)<br>Last Updated By: Joby George (Computer Assistant, On 07-07-2022) | 1-21 |
| 23 | കുറഞ്ഞ അടങ്കൽ തുകയുള്ള പ്രോജക്ടുകൾ ഏറ്റെടുത്തത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധം<br>Written By: Hareesh Babu .N (Asst. Audit Officer, On 31-05-2022)<br>Last Updated By: Joby George (Computer Assistant, On 07-07-2022) | 1-22 |
| 24 | ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിൽ ഉൾപ്പെടാത്ത പ്രവൃത്തികൾ നടപ്പാക്കി<br>Written By: Hareesh Babu .N (Asst. Audit Officer, On 31-05-2022)<br>Last Updated By: Joby George (Computer Assistant, On 07-07-2022) | 1-23 |
| 25 | ചെക്ക് ഡാം -സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പാക്കി<br>Written By: Hareesh Babu .N (Asst. Audit Officer, On 31-05-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 1-24 |
| 26 | വനിതാ കേന്ദ്രങ്ങളുടെ നിർമ്മാണം ധനവിനിയോഗത്തിനുള്ള ഉപാധി മാത്രമായി പരിമിതപ്പെടുന്നു<br>Written By: Hareesh Babu .N (Asst. Audit Officer, On 31-05-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 1-25 |
| 27 | ഷ്രെഡഡ് പ്ലാസ്റ്റിക്ക് വിപണനം-കരാർ വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല<br>Written By: P.K.Minu (Audit Officer, On 01-06-2022)<br>Last Updated By: Joby George (Computer Assistant, On 07-07-2022) | 1-26 |
| 28 | അങ്കണവാടികളിൽ സിസിടിവി ക്യാമറ സ്ഥാപിക്കൽ -മോണിട്ടറിംഗ് കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Kavitha S Kannan (Senior Grade Auditor, On 01-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 1-27 |
| 29 | ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കാതെ നിലനിൽക്കുന്നു<br>Written By: Kavitha S Kannan (Senior Grade Auditor, On 31-05-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 01-06-2022) | 1-28 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | കരാറുകാരൻ ക്വാട്ട് ചെയ്തതിനേക്കാൾ അധിക നിരക്ക് നൽകി<br>Written By: Hareesh Babu .N (Asst. Audit Officer, On 31-05-2022)<br>Last Updated By: Joby George (Computer Assistant, On 07-07-2022) | 3-1 |
| 2 | ടെണ്ടർ കിഴിവ് അന്തിമ ബില്ലിൽ കുറച്ചിട്ടില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 31-05-2022)<br>Last Updated By: Joby George (Computer Assistant, On 07-07-2022) | 3-2 |
| 3 | വിവരങ്ങൾ രേഖപ്പെടുത്താത്ത ബില്ല് അംഗീകരിച്ച് തുക നൽകി - ₹2100/- | 3-3 |

| | | |
|---|---|---|
| | ഓഡിറ്റ് നിരാകരിക്കുന്ന<br>Written By: P.K.Minu (Audit Officer, On 01-06-2022)<br>Last Updated By: P.K.Minu (Audit Officer, On 01-06-2022) | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: P.K.Minu (Audit Officer, On 26-05-2022)<br>Last Updated By: Joby George (Computer Assistant, On 07-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P.K.Minu (Audit Officer, On 26-05-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P.K.Minu (Audit Officer, On 26-05-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: P.K.Minu (Audit Officer, On 26-05-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: P.K.Minu (Audit Officer, On 26-05-2022)<br>Last Updated By: Joby George (Computer Assistant, On 07-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: P.K.Minu (Audit Officer, On 26-05-2022)<br>Last Updated By: Joby George (Computer Assistant, On 07-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: P.K.Minu (Audit Officer, On 26-05-2022)<br>Last Updated By: Joby George (Computer Assistant, On 07-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: P.K.Minu (Audit Officer, On 26-05-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: P.K.Minu (Audit Officer, On 26-05-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P.K.Minu (Audit Officer, On 26-05-2022)<br>Last Updated By: Joby George (Computer Assistant, On 07-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: P.K.Minu (Audit Officer, On 26-05-2022)<br>Last Updated By: Joby George (Computer Assistant, On 07-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 23.03.2020 തീരുമാനം (1) പ്രകാരം പഞ്ചായത്ത് കമ്മറ്റി അംഗീകരിക്കുകയുണ്ടായി. തുടർന്ന് 18.02.2021 ൽ I(1)-ാം നിശ്ചയ പ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചു. ബജറ്റ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥ കണക്ക് |
|---|---|---|
| വരവ് | 68414828.00 | 51594080.00 |
| ചെലവ് | 67840500.00 | 55897514.00 |

കൃത്യമായ ഡിമാന്റ് കണക്കാക്കാവുന്ന ഇനങ്ങൾക്കു പോലും വളരെ ഉയർന്ന വരവ് പ്രതീക്ഷിച്ചാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ആയതിനാൽ ബജറ്റും യഥാർത്ഥ കണക്കും തമ്മിൽ കാര്യമായ അന്തരമുണ്ട്. യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കേണ്ടതാണ്.

### 1-2 വാർഷികധനകാര്യപത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 03.06.2021 |

### 1-2-1 വാർഷികകണക്കുകളിലെ അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷികകണക്കുകൾ സംബന്ധിച്ച അപാകതകൾ താഴെപ്പറയുന്നു. വിശദീകരണം ആവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-5/29.05.2022)ലഭ്യമായ മറുപടി കൂടി പരിഗണിച്ചാണ് അപാകതകൾ പരാമർശിച്ചിട്ടുള്ളത്.

1)അപാകത-ഷെഡ്യൂൾ-B1പഞ്ചായത്ത്ഫണ്ട്,മുൻവർഷത്തേതുമായിപൊരുത്തപ്പെടുന്നില്ല(Excess Of Income Over Expenditure തുക കൃത്യമല്ല).

മറുപടി-ആയത് ഓട്ടോമാറ്റിക്കായി ജനറേറ്റ് ചെയ്യപ്പെടുന്നതാണെന്നും മുൻവർഷത്തെ തുകയിലും ടി വ്യത്യാസമുണ്ടെന്നും മറുപടി നൽകി.

ഓഡിറ്റ് നിർദ്ദേശം-ഐ.എ.വൈ അക്കൌണ്ടിലെ നീക്കിയിരുപ്പ് തുകയിൽ ബാങ്ക് പലിശ ചേർക്കുവാൻ വിട്ടുപോയതിനാലാണ് മേൽ വ്യത്യാസം ഉളവായത് (പരാമർശം-9 കൂടി കാണുക) എന്നതിനാൽ ഐ.കെ.എം മായി ബന്ധപ്പെട്ട് മേൽ അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) അപാകത-ഹെഡ്- 460300101 (ഷെഡ്യൂൾ B-18) Loan To Others :250000/-രൂപ JLG ന് (IWMP) നൽകിയത് ക്രമീകരിച്ചിട്ടില്ല.

മറുപടി- തുക ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ഓഡിറ്റ് നിർദ്ദേശം- തുക ക്രമീകരിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്.

3) അപാകത-ഹെഡ്-320800101 (ഷെഡ്യൂൾ B-4) :Beneficiary Contribution-ഗുണഭോക്തൃവിഹിതമിനത്തിൽ 120795/-രൂപ 2017-18 വർഷം മുതൽ ബാധ്യതയായി തുടരുന്നു.

മറുപടി- ഈയിനത്തിൽ ലഭ്യമായ തുക മുഴുവനും ക്രമീകരിച്ചിട്ടുണ്ട്. ഹെഡ് മാറി പോസ്റ്റ് ചെയ്തതിനാലാണ് തുക കണക്കിൽ കാണുന്നത്.

ഓഡിറ്റ് നിർദ്ദേശം-അപാകത പരിഹരിച്ച് ബാധ്യത ഹെഡിൽ നിന്നും മേൽ തുക ഒഴിവാക്കേണ്ടതാണ്.

4) അപാകത-ഹെഡ്-320200305-(ഷെഡ്യൂൾ-B-4) Grants For Specific Purposes-Other Than Development Fund -ലൈഫ് കുടുംബസംഗമത്തിനായി ലഭ്യമായ 40800/- രൂപ പൂർണമായി വിനിയോഗിക്കാത്തതിനാൽ ബാധ്യതയായി ശേഷിക്കുന്നു.

മറുപടി-സൂചിത തുക പഞ്ചായത്തുകൾക്ക് തിരികെ നൽകുന്നതാണ്

ഓഡിറ്റ് നിർദ്ദേശം-ഉക പഞ്ചായത്തുകൾക്ക് നൽകുകയോ അല്ലാത്ത പക്ഷം പദ്ധതി ഫണ്ടിലേയ്ക്ക് തിരികെ അടവാക്കുകയോ ചെയ്യേണ്ടതാണ്.

5) അപാകത-ഹെഡ്-320200307-(ഷെഡ്യൂൾ B-4)Grants For Specific Purposes-Other Than

Development Fund- 150313/-രൂപ ബാധ്യതയായി കാണുന്നു.

മറുപടി-ഹെഡിൽ ബാധ്യതയായുള്ള 150313/-രൂപ ഇ.എം.എസ് ലോണിന്റെ ഗഡു തുകയാണ്. 2020-21വർഷം വികസനഫണ്ടിൽ നിന്നും വായ്പ തുക സർക്കാർ നേരിട്ട് കുറവ് വരുത്തിയെങ്കിലും അതിന് മുമ്പേ ഇ.ഡി.സി.ബി അക്കൌണ്ടിൽ ടി തുക തെറ്റായി നിക്ഷേപിക്കപ്പെട്ടിരുന്നു. പിന്നീട് ആയത് പഞ്ചായത്തിന്റെ പലവക അക്കൌണ്ടിലേയ്ക്ക് തിരികെ കൈമാറുകയും ഇ.എം.എസ് ലോൺ മുഴുവനായി കുറവ് ചെയ്തതിനാൽ 2021-22 വർഷം ഐ.എ.വൈ ലോണിന്റെ പലിശയിനത്തിൽ പ്രസ്തുത തുക ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം-ലോൺ തുക ക്രമീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതും ബാധ്യത ഹെഡിൽ നിന്നും പ്രസ്തുത തുക ഒഴിവാക്കേണ്ടതുമാണ്.

6) അപാകത-VAT-ഇനത്തിൽ, 606/-രൂപ (ഹെഡ്-350300103) അടവാക്കുവാൻ അവശേഷിക്കുന്നു

മറുപടി-രജിസ്റ്ററുകൾ പരിശോധിച്ച് തുക അവശേഷിക്കുന്നുണ്ടെങ്കിൽ ആയത് തിരികെ അടക്കുന്നതാണ്.

ഓഡിറ്റ് നിർദ്ദേശം-വാറ്റിനത്തിൽ അവശേഷിക്കുന്ന തുക സർക്കാരിലേയ്ക്ക് തിരികെ അടവാക്കേണ്ടതാണ്.

7) അപാകത-ഹെഡ്-350300109(B-9ഷെഡ്യൂൾ)-17733/-രൂപ ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്നു.

മറുപടി-ഐ.എ.വൈ ലോണായി അനുവദിച്ചതും തിരികെ അടവാക്കിയതുമായ 17500/-രൂപയും സമാനമായി അടവാക്കിയ എസി.ജി.ആർ.വൈ പദ്ധതി തുകയും (233/- രൂപ) ചേർന്നതാണ് പ്രസ്തുത തുക.

ഓഡിറ്റ് നിർദ്ദേശം- തുകകൾ ബന്ധപ്പെട്ട പദ്ധതിഫണ്ടിലേയ്ക്ക് തിരികെ അടവാക്കേണ്ടതാണ്.

8) അപാകത-ഹെഡ് 350800299 (B-9ഷെഡ്യൂൾ)10000/-രൂപ ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്നു.

മറുപടി-എസ്.ജി.എസ്.വൈ സബ്സിഡി ഇനത്തിൽ തിരികെ ലഭിച്ച ടി തുക പ്രോജക്ട് ഡയറക്ടർക്ക് നൽകിയെങ്കിലും സാംഖ്യയിൽ രേഖപ്പെടുത്തിയപ്പോൾ ഹെഡ് മാറിപ്പോയതിനാൽ ലെഡ്ജറിൽ കാണുന്നു.

ഓഡിറ്റ് നിർദ്ദേശം- ഹെഡ് കറക്ട് ചെയ്ത് ബാധ്യത ഹെഡിൽ നിന്നും മേൽ തുക നീക്കം ചെയ്യേണ്ടതാണ്.

9) അപാകത-11.06.2020 തീയതിയിൽ AIMS മുഖേന സമർപ്പിക്കപ്പെട്ട 2019-20 വർഷത്തെ വാർഷികകണക്കുകൾ (RP-40b) അനുസരിച്ച് IAY(Bank Of India-857810110003947) അക്കൌണ്ടിലെ നീക്കിയിരുപ്പ് 3559325/-രൂപയാണ്. എന്നാൽ 2020-21 വർഷത്തെ കണക്കുകളിൽ 3588482/-രൂപയാണ് പ്രസ്തുത അക്കൌണ്ടിന്റെ മുന്നിരിപ്പായി (RP-40a) കാണിച്ചിട്ടുള്ളത്.

മറുപടി-മുൻ വർഷത്തെ വാർഷികകണക്കുകൾ സമർപ്പിച്ചപ്പോൾ പലിശയിനത്തിൽ ലഭിച്ച 29157/-രൂപ ഉൾപ്പെടുത്താൻ വിട്ടുപോയതിന്റെ വ്യത്യാസമാണ്. പിന്നീട് കറക്ഷൻ വരുത്തി കണക്കുകൾ സാംഖ്യ മുഖാന്തിരം വീണ്ടും സമർപ്പിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം-മേൽ വ്യത്യാസം ഷെഡ്യൂൾ B-1ലെ പഞ്ചായത്ത് ഫണ്ടിലും പ്രതിഫലിക്കുമെന്നതിനാൽ ഐ.കെ.എം മായി ബന്ധപ്പെട്ട് മേൽ അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

10) അപാകത-Bidders EMD (340100103) ഇനത്തിൽ 300/-രൂപയും Other Deposits ഇനത്തിൽ 500/-രൂപയും (340109901) 2016-17 വർഷം മുതൽ B7-ഷെഡ്യൂളിൽ നീക്കിയിരുപ്പായുണ്ട്.

മറുപടി-രജിസ്റ്ററുകൾ പരിശോധിച്ച് തുക ക്രമീകരിക്കുന്നതാണ്.

ഓഡിറ്റ് നിർദ്ദേശം-കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

11) അപാകത-വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്)

മറുപടി-മേൽ രേഖകൾ സാംഖ്യയിൽ നിന്ന് ഡൌൺലോഡ് ചെയ്യുമ്പോൾ " Query Engine Error "എന്ന് റിമാർക്സ് കാണിക്കുന്നു. വിവരം ഐ.കെ.എം ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം-സാങ്കേതിക തടസം പരിഹരിക്കുന്നതിന് വിധേയമായി അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷികകണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്

12) അപാകത-18/21നമ്പർ പ്രോജക്ടിൽപെടുത്തി തൻവർഷം 404119/-രൂപ ചെലവഴിച്ച് രാമമംഗലം സി.എച്ച്.സിയ്ക്ക് വാഹനം വാങ്ങിയിട്ടുണ്ട്. എന്നാൽ വാർഷികകണക്കുകളിൽ(R&P-38) ആയത് ആസ്തിയായി കാണിച്ചിട്ടില്ല.

മറുപടി-വാഹനം ആസ്തിയിൽ ഉൾപ്പെടുത്തുവാൻ വിട്ടുപോയതാണ്.അപാകത പരിഹരിക്കുന്നതാണ്.

ഓഡിറ്റ് നിർദ്ദേശം-പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർഥമൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രിസിയേഷൻ നല്കിയും ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും വാഹനം ആസ്തിയിൽ ഉൾപ്പെടുത്തി അപാകത പരിഹരിക്കേണ്ടതുമാണ്.

13) ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രികയിൽ MGNREGSന്റെ വരവ്-ചെലവ് കണക്കുകൾ

ഉൾപ്പെടുത്തിക്കാണുന്നില്ല. ഭരണനിർവ്വഹണചെലവുകൾക്കായി MGNREGS-ന് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും മുൻകൂർ തുക നൽകുന്നുണ്ട്. ഈ സാഹചര്യത്തിൽ MGNREGS-ന്റെ വരവ്-ചെലവ് കണക്കുകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11375475.00 |
| വരവ് | 51594080.00 |
| ആകെ | 62969555.00 |
| ചെലവ് | 55897514.00 |
| നീക്കിയിരിപ്പ് | 7072041.00 |
| വരവിനങ്ങളിലെ നഷ്ടം | 0 |
| ചെലവിനങ്ങളിലെ നഷ്ടം | 45008.00 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 2668739.00 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (ACR പ്രകാരം | ആകെ | ചെലവ് | നീക്കി യിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 22297296 | 22297296 | 22002766 | 0 | 294530 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 6587026 | 6587026 | 6050032 | 0 | 536994 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 180000 | 180000 | 148000 | 0 | 32000 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 4366387 | 4366387 | 4357323 | 0 | 9064 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4700000 | 4700000 | 3855504 | 0 | 844496 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied) | 0 | 4700000 | 4700000 | 1250950 | 0 | 3449050 |
| ഇന്റർഗ്രേറ്റഡ് വാട്ടർഷെഡ് മാനേജ്മെന്റ് പ്രോഗ്രാം | 1108969 | `1521646 | 2630615 | 1797524 | 833091 | |
| ശുചിത്വ മിഷൻ | 543237 | 0 | 543237 | 543237 | 0 | |
| IAY Loan | 500 | 0 | 500 | 0 | 500 | |
| PMAY(JV) | 1720654 | 40024 | 1760678 | 1722015 | 38663 | |
| കേരളോത്സവം | 61554 | 0 | 61554 | 60000 | 1554 | |
| ലൈഫ് കുടുംബസംഗമം | 40800 | 0 | 40800 | 0 | 40800 | |
| ഗുണഭോക്തൃവിഹിതം | 120795 | 0 | 120795 | 0 | 120795 | |
| IAY | 3559325 | 278884 | 3838209 | 434039 | 3404170 | |

2020-21 സാമ്പത്തിക വർഷം ബജറ്റ് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് അലോട്ട് ചെയ്ത ഗ്രാന്റുകളിൽ കേന്ദ്രധനകാര്യ കമ്മീഷൻഗ്രാന്റ്(tied) എഴുപത് ശതമാനത്തിലധികം തുകയും ലാപ്സായിട്ടുണ്ട്. കോവിഡ്-19 ന്റെ പ്രത്യേക സാഹചര്യത്തിലാണ് ഇങ്ങനെയുണ്ടായത് എന്ന് സാമാന്യേന പറയാമെങ്കിലും പദ്ധതി ആസൂത്രണനിർവ്വഹണം സംബന്ധിച്ച് സർക്കാർ നിശ്ചയിച്ചിട്ടുള്ള നിർവ്വഹണകലണ്ടർ കൃത്യമായി പാലിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും കാണുന്ന അലംഭാവവും ഗ്രാന്റുകൾ ലാപ്സായിപ്പോകുന്നതിന് ഇടവരുത്തുന്നതായി നിരീക്ഷിക്കുന്നു.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കി | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടു |
|---|---|---|---|---|---|---|

| | | | | യത് (എണ്ണം) | | കളുടെ ശതമാനം |
|---|---|---|---|---|---|---|
| 129 | 69871197 | 102 | 43451842 | 27 | - | 79.06% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല

## 1-7 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.05.2022 ന് 3.00 Pm സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ടി ദിവസം പണമിടപാടുകൾ നടന്നിട്ടില്ലായെന്ന് ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.07.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
2. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പെടെയുള്ള ജീവനക്കാരുടെ വിവരങ്ങൾ ഉൾപ്പെടുത്തി ഇൻകംബെൻസി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
3. ബ്ലോക്ക് പഞ്ചായത്ത് മറ്റ് ഗ്രാമപഞ്ചായത്തുകൾക്ക് നല്കുന്ന വിഹിതങ്ങളുടെ ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ മാത്രമേ പ്രൊജക്ടിനോപ്പം ലഭ്യമാക്കുന്നുള്ളൂ. നല്കുന്ന തുകയുടെ ഭൗതികനേട്ടം കൈവരിച്ചിട്ടുണ്ടോ, ആയതിന്റെ മോണിറ്ററിംഗ് യഥാവിധി നടത്തിയിട്ടുണ്ടോ, എന്നീ വിവരങ്ങൾ കൂടി ഇത്തരം പ്രൊജക്ട് ഫയലിന്റെ ഭാഗമാക്കാവുന്നതാണ്. മോണിട്ടറിംഗ് റിപ്പോർട്ട് ചേർത്തിട്ടില്ലാത്തതിനാൽ പദ്ധതികളുടെ നടത്തിപ്പിലെ കാര്യക്ഷമത ഉറപ്പാക്കാൻ സാധിക്കുന്നില്ല.
മേൽ അപാകതകൾ കൂടി പരിഹരിച്ച് ആഭ്യന്തര നിയന്ത്രണസംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.08.2021-17.08.2021 | 2020-21 | 13.09.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.02.2014 | 2008-09 - 2012-13 | 25.03.2014 |

## 1-10 വരവ് രജിസ്റ്ററും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല

വരവ് രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി)).

## 1-11 കെട്ടിട വാടക- അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിലെ 2020-21 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.
1) ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ വാടക ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു. (കെട്ടിട നം .രജിസ്റ്ററിൽ ചേർത്തിട്ടില്ല.)

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | വാടക ഈടാക്കാത്ത കാലയളവ് / | ഈടാക്കേണ്ട തുക |
|---|---|---|---|

| | | | |
|---|---|---|---|
| | | പ്രതിമാസ വാടക | |
| 1 | ധനശ്രീ സ്വയം സഹായ സംഘം, ചോരക്കുഴി | 4/20-12/20@1215/ 1,2,3/21@1280/- | 9x1215+3x1280=14775/- |
| 2 | അക്ഷയ സ്വയംസഹായ സംഘം, കൂത്താട്ടുകുളം | 4/20-11/20@1225/- 12/20-3/21@1290/- | 8x1225+4x1290=14960/- |
| 3 | അച്ചൂസ് എസ്.എച്ച്.ജി- കൂത്താട്ടുകുളം | 4/20-10/20@1170/- 11/20-3/21@1230/- | 7x1170+5x1230=14340/- |
| 4 | ഫ്രണ്ട്സ് എസ്.എച്ച്.ജി ഒലിയപ്പുറം(2 മുറികൾ) | 8/20-11/20@1218/- 12/20-3/21@1280/- 8/20-11/20@1953 12/20-3/21@2050/- | 4x1218+4x1280+ 4X1953+4X2050 =26004/- |
| 5 | അതുല്യ എസ്.എച്ച്.ജി, ഒലിയപ്പുറം | 10/20-12 /20@1230/- 1/21-3/21@1295/- | 3x1230+3x1295=7575/- |
| 6 | അഞ്ചൽപ്പെട്ടി എസ്.ജി.എസ്.വൈ കെട്ടിടം | 4/20@585/- 5/20-3/21@615/- | 585+11x615=7350/- |
| 7 | അയ്യങ്കാളി സാസ്കാരിക കേന്ദ്രം- | 9/20-3/21@640/- | 7x640=4480/- |
| 8 | ഐശ്വര്യ എസ്.എച്ച്.ജി കരിമ്പന | 4/20-11/20@730/- 12/20-3/21@770/- | 8x730+4x770=8920/- |
| 9 | എ.ഡി.എസ് കരിമ്പന | 4/20-11/20@735/- 12/20-3/21@775/- | 8x735+4x775=8980/- |
| 10 | എസ്.ജി.എസ്.വൈ ഇൻഫ്രാ,പാലക്കുഴ | 4/20-6/20@696/- 7/20-3/21@735/- | 3x696+9x735=8703/- |
| 11 | ബഥേൽ കാറ്ററിംഗ് യൂണിറ്റ്,പിറവം | 4/20-12/20@610/- 1/21-3/21@640/- | 9x610+3x640=7410/- |
| 12 | തണൽ സ്വയംസഹായ സംഘം, പിറവം | 4/20-2/21@590/- 3/21@620/- | 11x590+620=7110/- |
| 13 | പാലക്കുഴ ഹാൾ | 4/20-3/21@1170/- | 12X1170=14040 |
| 14 | മരിയൻ ഫ്ളവർ മാർട്ട് ഇലഞ്ഞി | 4/20-8/20@555/- 9/20-3/21@580/- | 5x555+7X580=6835/- |
| | ആകെ തുക | | 151482 |

2) വാടക രജിസ്റ്ററിൽ ഡി.സി.ബി എഴുതി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3)20-21 വാർഷിക ധനകാര്യപത്രിക പ്രകാരം കറന്റ് ഡിമാന്റ് തുക 180800/-രൂപയും കളക്ഷൻ തുക 9000/-രൂപയും നീക്കി ബാക്കി 171800/-രൂപയുമാണ്. അരിയർ ഡിമാന്റ് തുക 207005/-രൂപയും കളക്ഷൻ തുക 41947/-രൂപയും ബാലൻസ് ആയി ലഭിക്കുവാനുള്ളത് 165058/-രൂപയുമാണ്. വാടകയിനത്തിൽ തൻവർഷം ഈടാക്കുവാനുള്ള തുകയും മുൻ വർഷങ്ങളിലെ കുടിശ്ശികയായി ലഭിക്കുവാനുള്ള തുകയും ഈടാക്കിയിട്ടില്ല.

4) വാടക രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. രജിസ്റ്ററിൽ കെട്ടിട നമ്പർ ചേർത്തിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന് വാടകയിനത്തിൽ ലഭിച്ച ഒരു കെട്ടിടത്തിന്റെ ഒരു വർഷത്തെ കളക്ഷൻ തുകകൾ സ്ഥാപനത്തിന്റെ പേര്/കെട്ടിട ഉടമയുടെ പേര് / കെട്ടിടനം/വാർഡ് നം/പ്രതിമാസ വാടക/ഈടാക്കിയ കാലയളവ്/തുക/രസീത് നം. എന്നിവ സഹിതം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. അരിയർ കളക്ഷൻ തുകകൾ പ്രത്യേകം പേജിൽ രേഖപ്പെടുത്തേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ വാടക രജിസ്റ്റർ ഇപ്രകാരം എഴുതി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.17/30.5.2022) മറുപടിയിൽ ക്രമ നം. (1)ൽ കോവിഡ് മഹാമാരി മൂലം സാമ്പത്തിക പ്രതിസന്ധിമൂലം വാടകക്കിഴിവ് ആവശ്യപ്പെട്ടുകൊണ്ട് കെട്ടിടയുടമകൾ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നിവേദനം നൽകി എന്നറിയിച്ചിട്ടുണ്ട്. സ.ഉ. (സാധാ)നം.1278/2020/ത.സ്വ.ഭ.വ തീയതി 29.6.20 പ്രകാരം ലോക്ക് ഡൌൺ കാലയളവിൽ തുറക്കാൻ അനുവാദമില്ലാതിരുന്ന സ്ഥാപനങ്ങളെ മാത്രമേ വാടക ഇളവിനായി പരിഗണിക്കുവാൻ പാടുള്ളൂ എന്നും വാടക ഇളവിന് അപേക്ഷിക്കുന്ന വ്യക്തി തന്റെ സ്ഥാപനം ടി കാലയളവിൽ പ്രവർത്തിച്ചിട്ടില്ല എന്ന സത്യവാങ്മൂലം അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ് എന്നും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഇപ്രകാരം ലഭിക്കുന്ന അപേക്ഷയിൻ മേൽ റിപ്പോർട്ട് നൽകി ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസയംഭരണസ്ഥാപനം വികസന അതോറിറ്റി തലത്തിൽ തീരുമാനം കൈക്കൊള്ളേണ്ടതുമാണെന്നും ഉത്തരവായിട്ടുള്ളതാണ്.

ഇപ്രകാരം വാടക ഇളവ് നൽകിക്കൊണ്ട് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടില്ല. മേൽ കെട്ടിടങ്ങളുടെ വാടക ഈടാക്കുന്നത് സംബന്ധിച്ച് കമ്മറ്റി തീരുമാനം എടുത്ത് തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
ക്രമ നമ്പർ(3)പ്രകാരം വാടകക്കുടിശ്ശിക ഈടാക്കുവാനുള്ള കെട്ടിടങ്ങളുടെ കുടിശ്ശിക തുക ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.
ക്രമ നമ്പർ(1), (2) ലെ അപാകതകൾ പരിഹരിച്ച് രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

1-12 ലൈഫ് ഭവനപദ്ധതി-വിനിയോഗ വിവരം ലഭ്യമല്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം./ പേര് | 74/21 ലൈഫ് ഹൗസിംഗ് സ്കീം SCP |
| അടങ്കൽ/ചെലവ് (ചെലവ് പത്രിക പ്രകാരം) | ₹2368000/- ₹2180875/- |
| ചെലവ് വിവരം(അനുമതി ഉത്തരവ് നം./തീയതി) | 318/31.03.21 |

മേൽ പ്രോജക്റ്റിന്റെ നടത്തിപ്പിനായി തിരുമാറാടി ഗ്രാമപഞ്ചായത്തിനായി ₹340000/- പാലക്കുഴ ഗ്രാമപഞ്ചായത്തിന് ₹600000/- ഇലഞ്ഞി ഗ്രാമപഞ്ചായത്തിന് ₹570875/- എന്നിങ്ങനെ ആകെ ₹1510875/- കൈമാറിയതിന്റെ വിവരങ്ങളാണ് ഓഡിറ്റിന് ലഭ്യമായത്. ശേഷിക്കുന്ന ₹670000/- പാമ്പാക്കുട ഗ്രാമപഞ്ചായത്തിന് നൽകിയെന്ന് ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12) മറുപടി ലഭ്യമാക്കിയെങ്കിലും, ആയതിന്റെ വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് ചെയ്ത തുക ₹670000/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

1-13 ചെലവ് രേഖകളില്ലാതെ തുക നൽകി

വൗച്ചർ നമ്പർ 19/6-20, ചെക്ക് നമ്പർ 5124287/8.6.20 പ്രകാരം ₹43760/- വിവിധ ഓഫീസ് ചെലവുകൾ എന്ന പേരിൽ ചെലവുണ്ട്. ചെലവ് സംബന്ധിച്ച ഒരു സ്റ്റേറ്റ്മെന്റ് മാത്രമാണ് ചെലവ് രേഖയായി ഫയലിൽ ചേർത്തിരിക്കുന്നത്. ചെലവിനെ സാധൂകരിക്കുന്ന മറ്റ് രേഖകൾ (ബില്ല്,സബ് വൗച്ചറുകൾ എന്നിവ) ഓഡിറ്റിന് ലഭ്യമായില്ല. ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹43760/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

1-14 കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനം-തുക കൈമാറിയതിന്റെ രേഖകളില്ല

പാമ്പാക്കട ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ചെക്ക് നം. 5124289/8.6.20 പ്രകാരം ₹7030/- പാമ്പാക്കട ഗ്രാമപഞ്ചായത്തിന് ലോക്ക്ഡൗൺ പശ്ചാത്തലത്തിൽ ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചണിന്റെ പ്രവർത്തനത്തിനായി നൽകിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് തുക കൈപ്പറ്റിയതിന്റെയോ വിനിയോഗിച്ചതിന്റെയോ വിവരങ്ങളൊന്നും ലഭ്യമായില്ല. കൈപ്പറ്റ് രേഖ ഓഡിറ്റിന് ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 19)ന് മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹7030/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-15 പദ്ധതി രൂപീകരണം-ചെലവ് രേഖകൾ കൃത്യമല്ല

| | | |
|---|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി | |
| പ്രോജക്റ്റ് നം./ പേര് | 01/21 പദ്ധതി രൂപീകരണവും നടത്തിപ്പും മോണിട്ടറിംഗും | SO 94/21 പദ്ധതി രൂപീകരണവും നടത്തിപ്പും മോണിട്ടറിംഗും |
| അടങ്കൽ/ചെലവ്<br>(ചെലവ് പത്രിക പ്രകാരം) | ₹75000/-<br>₹34846/- | ₹130000/-<br>₹67622/- |
| ചെലവ് വിവരം(അനുമതി ഉത്തരവ് നം./തീയതി) | 309/27.3.21 | 306/31.3.21 |
| ഫണ്ടിനം | വികസന ഫണ്ട് പൊതുവിഭാഗം | വികസന ഫണ്ട് പൊതുവിഭാഗം |

മേൽ പ്രോജക്ടുകളുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ, പ്രോജക്റ്റിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് Pro Medias എന്ന സ്ഥാപനത്തിന് ₹2100/- നൽകിയിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന്റെ ബിൽ പരിശോധിച്ചതിൽ ഈ തുക ഏതിനത്തിനായാണ് നൽകിയതെന്ന് രേഖപ്പെടുത്തിയിട്ടില്ല. യാതൊരു രേഖപ്പെടുത്തലുമില്ലാതെയുള്ള ബില്ലിൽ തുക മാത്രമാണ് എഴുതിയിരിക്കുന്നത്. വ്യക്തമായ രേഖകളില്ലാതെ നടത്തിയ ചെലവ് ഓഡിറ്റ് നിരാകരിക്കുന്നു. വിശദ വിവരം ഖണ്ഡിക 3-3 ൽ ചേർത്തിട്ടുണ്ട്.

## 1-16 മരുന്ന് പൂർണമായും ലഭ്യമായില്ല

| | |
|---|---|
| പ്രൊജക്റ്റ് നം | 60/21 |
| പ്രൊജക്റ്റിന്റെ പേര് | രാമമംഗലം സി.എച്ച്.സി-മരുന്ന് വാങ്ങൽ |
| അടങ്കൽ | 250000/-<br>(മെയിന്റനൻസ് ഫണ്ട് നോൺറോഡ്)<br>50000/-(തനത് ഫണ്ട്) |
| ചെലവ് | 232353/-<br>(മെയിന്റനൻസ് ഫണ്ട് നോൺറോഡ്)<br>1)200000/-<br>(BRN-20120363084300357784/21.7.20)<br>2) 29987/-<br>(BRN-20120363084300357785/21.7.20) |
| നിർവഹണം | മെഡിക്കൽ ഓഫീസർ<br>(സി.എച്ച്.സി രാമമംഗലം) |

മരുന്ന് വാങ്ങുന്നതിലേയ്ക്കായി മെയിന്റനൻസ് ഗ്രാന്റിൽ (നോൺ റോഡ്) നിന്നും ആകെ 232353/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ പ്രോഫോർമ ഇൻവോയ്സ് നം.1449(തീയതി-15.07.20) പ്രകാരം കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് അഡ്വാൻസായ നൽകിയ 2 ലക്ഷം രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമായതായി കാണുന്നില്ല. മാത്രമല്ല 2366/-രൂപയുടെ (232353-229987) ട്രഷറിബില്ലും ചെലവ് രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മരുന്ന് ലഭ്യമായിട്ടുണ്ടോയെന്ന് പരിശോധിച്ച് അറിയിക്കുന്നതാണെന്നും അവശേഷിക്കുന്ന ചെലവ് രേഖകൾ ഹാജരാക്കുന്നതാണെന്നും എൻക്വയറിക്കുള്ള (നം.6/29.05.2022) മറുപടിയിൽ വ്യക്തമാക്കി. മരുന്നുകൾ ലഭ്യമാകുന്നതിനും ചെലവ് രേഖകൾ ഹാജരാക്കുന്നതിനും വിധേയമായി 202366/-രൂപ (200000+2366) തടസ്സപ്പെടുത്തുന്നു.

## 1-17 രാമമംഗലം സി.എച്ച്.സി-പുൽത്തകിടി നിർമ്മാണം- അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം | 61/21 |
| പ്രൊജക്ടിന്റെ പേര് | രാമമംഗലം സി.എച്ച്.സി-പുതിയ ഒ.പി ബ്ലോക്കിന് മുൻവശം പുൽത്തകിടി നിർമ്മാണം |
| അടങ്കൽ | 150000/-<br>(തനത് ഫണ്ട്) |
| ചെലവ് | 147350/-<br>1)24900/-<br>ചെ.നം-5144404/18.08.20<br>2)24950/-ചെ.നം5144406 /26.08.20<br>3)97500/-<br>ചെ.നം-5144418/28.09.20 |
| നിർവഹണം | മെഡിക്കൽഓഫീസർ (സി.എച്ച്.സി രാമമംഗലം) |

മെഡിക്കൽ ഓഫീസർ നിർവഹണം ചെയ്ത മേൽ പ്രോജക്ടിൽ ലാൻഡ് സ്കേപ്പിംഗ്, പുൽത്തകിടി നിർമാണം, പ്ലംബിംഗ് എന്നീ മൂന്ന് പ്രവൃത്തികളാണ് നടത്തിയിട്ടുള്ളത്. ചെലവിന്റെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമ.നം | പ്രവൃത്തിയുടെ ഇനം | തുക നൽകിയ വ്യക്തി/സ്ഥാപനം | ചെലവ് തുക | റിമാർക്സ് |
|---|---|---|---|---|
| 1 | Land Scaping | AngelEarth Movers,പൂതൃക്ക | 24900/- | ജെ.സി.ബി പ്രവർത്തിപ്പിച്ചതിന് നൽകിയത് (@Rs 1000/hr) |
| 2 | പുൽത്തകിടി നിർമാണം | Haritha Agro Consultants | 97500/- | 1)LawnGrasses (1400sqft@Rs.50/-),<br>2)Trees -10nos @Rs 500/-<br>3)Flowers -300nos@Rs75/- (മേൽപ്പറഞ്ഞവ നട്ട്പിടിപ്പിച്ചതിന് നൽകിയത്) |
| 3 | പ്ലംബിംഗ് | Ahil.s.Balan | 24950/- | പി.വി.സി ഫിറ്റിംഗ്സിന് നൽകിയത് |

പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1)പ്രോജക്ടിൽ നിർമാണപ്രവൃത്തി ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല

2) മേൽ പ്രവൃത്തി, ക്ഷമതയുള്ള ഉദ്യോഗസ്ഥൻ വാല്യേഷൻ നടത്തിയിട്ടില്ല.

3) Haritha Agro Consultants എന്ന സ്ഥാപനവുമായി കരാർ ഒപ്പുവച്ചിട്ടില്ല.

കോവിഡ് കാലഘട്ടമായതിനാൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലേയ്ക്ക് ഗവ.എൻജിനീയർമാരുടെ സേവനം ലഭ്യമായില്ലായെന്നാണ് എൻക്വയറിക്ക് (നം.07/29.05.2022)മറുപടി നൽകിയത്. എന്നാൽ വാല്യേഷൻ നടത്താതെ തുക കൈമാറിയതിനും ബന്ധപ്പെട്ട സ്ഥാപനവുമായി കരാർ ചമയ്ക്കാതിരുന്നതിനും വിശദീകരണം നൽകിയില്ല. സാങ്കേതിക ജ്ഞാനം ആവശ്യമുള്ള ജോലിയായതിനാൽ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ വാല്യേഷൻ നടത്തിയതിനു ശേഷമാണ് തുക കൈമാറേണ്ടത്. പരാമർശങ്ങൾക്ക് മറുപടി നൽകേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-18 ജനറേറ്റർ സ്ഥാപിക്കൽ- അനുമതി വിവരം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്ട് | 143/21,രാമമംഗലം സി.എച്ച്.സി-പുതിയ ഒ.പി ബ്ലോക്കിലേയ്ക്ക് ഇലക്ട്രിക്ക് കണക്ഷനും അനുബന്ധ സൌകര്യങ്ങളും ഏർപ്പെടുത്തൽ |
| അടങ്കൽ/ഫണ്ടിനം | 150000/-<br>തനത് ഫണ്ട് |
| ചെലവ് | 48760/-<br>1)38160-<br>ചെക്ക്.നം-0655268/17.07.20<br>2)10600/-<br>ചെക്ക്.നം-5144404/18.08.20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ<br>(രാമമംഗലം സി.എച്ച്.സി) |

രാമമംഗലം സി.എച്ച.സി യിൽ 125 KV ജനറേറ്റർ സ്ഥാപിക്കുന്നതിനും അനുബന്ധ ഇലക്ട്രിക്ക് പ്രവൃത്തികൾ നടത്തുന്നതിനും വേണ്ടി ആവിഷ്ക്കരിച്ചതാണ് മേൽ പ്രോജക്ട്. ഫയൽ പരിശോധിച്ചതിൽ ഇലക്ട്രിക് പ്രവൃത്തികൾക്കായി 48760/-രൂപയും ജനറേറ്റർ സ്ഥാപിക്കുന്നതിനായി 99710/-രൂപയും ഉൾപ്പെടെ ആകെ 148470/-രൂപ തനത് ഫണ്ടിൽ നിന്നും ചെലവായതായി കാണുന്നു. എന്നാൽ സുലേഖ ചെലവ് പത്രികയിൽ 48760/-രൂപയുടെ ചെലവ് വിവരം മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.
പ്രൊജക്ടിന്റെ ഭാഗമായി ജനറേറ്റർ സ്ഥാപിക്കുന്നതിന് ചെലവഴിച്ച തുകയുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| സ്വീകരിച്ച ക്വട്ടേഷൻ | എൽ.ആന്റ്.ജികൃഷ്ണ ഇലക്ട്രിക്കൽ കോൺട്രാക്റ്റേഴ്സ്, ആലപ്പുഴ |
| നിരക്ക് | 99710/- |
| ടാക്സ് ഇൻവോയ്സ് നം | 186/17.8.20 |
| ചെലവ് വിവരം | ചെക്ക്.നം-5144468/19.01.21 |

ജനറേറ്ററുകൾ സ്ഥാപിക്കുന്നതിന് സർക്കാർ ഉത്തരവുകൾ (എം.എസ്.)34/2012 /PD/TVM/31.12.2012, (എം.എസ്.)15/2013/PD/TVM/05.04.2013 എന്നിവ പ്രകാരമുള്ള ഇൻസ്പെക്ഷൻ ഫീസ് കെ.എസ്.ഇ.ബിയുടെ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ ഒടുക്കി പരിശോധനയുടെ അടിസ്ഥാനത്തിൽ അപ്രൂവൽ വാങ്ങേണ്ടതാണ്. എന്നാൽ പ്രസ്തുത അപ്രൂവൽ വാങ്ങിയതിന്റെ വിവരവും ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ജനറേറ്റർ ഇൻഫോസിസിൽ നിന്നും ഫ്രീയായി ലഭിച്ചിട്ടുള്ളതാണെന്നും ആയത് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള അനുമതി വിവരം ഹാജരാക്കുന്നതാണെന്നും വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിയ്ക്ക് (നം-15/30.05.2022) മറുപടിയായി അറിയിച്ചു. സർക്കാർ അനുമതിയും ജനറേറ്റർ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റും ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്

## 1-19 കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം രേഖപ്പെടുത്തിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് | പാമ്പാക്കുട ബ്ലോക്ക് അറുപതാം വാർഷിക ഹാളിന് ടോയ്‌ലറ്റ് സൌകര്യം,101/21 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | ശ്രീ ജിൻസ് കെ എ |

| | |
|---|---|
| അടങ്കൽ | 268070(വികസന ഫണ്ട്-പൊതു വിഭാഗം) |
| അളവ് പുസ്തകം | 34/19-20 |
| ചെലവ് വിവരം(തുക,ബിൽ നം./തീയതി) | 264973/-(TRN No.2012030002100000396/21.04.2020) |

പാമ്പാക്കട ബ്ലോക്ക്പഞ്ചായത്തിലെ അറുപതാം വാർഷിക ഹാളിന് ടോയ്‌ലറ്റ് നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. അതനുസരിച്ച് പ്രവൃത്തി നടപ്പാക്കിയതിൽ ഇനം ഒന്നായി ചെയ്തിട്ടുള്ള മണ്ണ് കുഴിച്ചെടുത്തപ്പോൾ 12.531 M3 മണ്ണ് ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ മണ്ണ് ഈ പ്രവൃത്തിയിലെ യാതൊരുവിധ കാര്യങ്ങൾക്കും വിനിയോഗിച്ചിട്ടില്ല.

കുഴിച്ചെടുത്ത മണ്ണ് അവിടെ വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ആയത് അളവ് പുസ്തകത്തിൽ രേഖപ്പെടുത്താതിരുന്നത് ശരിയായ നടപടിയല്ല. ഈ അപാകത വിശദീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി(നം.01/27.05.2022)നൽകിയിരുന്നുവെങ്കിലും മറുപടി ലഭിച്ചില്ല. ഈ മണ്ണിന്റെ വിനിയോഗ വിവരം അളവ് പുസ്തകത്തിൽ രേഖപ്പെടുത്താത്തപക്ഷം ആയതിന്റെ ബാധ്യത നിർവ്വഹണോദ്യോഗസ്ഥന് മേൽ ചുമത്തുന്നതാണ്.

## 1-20 കരാറുകാരൻ ക്വാട്ട് ചെയ്തതിനേക്കാൾ അധിക നിരക്ക് നൽകി

| | |
|---|---|
| പ്രോജക്ട് | കാർത്തികപ്പാടം ലീഡിംഗ് ചാനൽ,രാമമംഗലം,16/21 |
| നിർവ്വഹണം | അസി.എഞ്ചിനിയർ |
| കരാറുകാരൻ | ശ്രീ പി എം ബേബി |
| അളവ് പുസ്തകം | 17/PB/20-21 |
| അടങ്കൽ തുക | 474367(സി.എഫ്.സി) |
| ചെലവ് വിവരം(ബിൽനം/തീയതി) | 440348/-(20120300000008929 /30.03.2021) |

രാമമംഗലം ഗ്രാമപഞ്ചായത്തിൽ ലീഡിംഗ് ചാനൽ നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ കുറവ് തുക ക്വാട്ട് ചെയ്ത കരാറുകാരന് തന്നെയാണ് പ്രവൃത്തി ചെയ്യുന്നതിനുള്ള അനുമതി നൽകിയത്. എന്നാൽ കരാറുകാരൻ ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച ടെണ്ടർ എഗ്രിമെന്റ് ശരിയായി വിലയിരുത്താതിരുന്നത് കാരണം ക്വാട്ട് ചെയ്ത നിരക്കിനേക്കാൾ അധിക തുക കരാറുകാരന് നൽകാനിടയായി. വിശദ വിവരം ഭാഗം 3-1ൽ ചേർത്തിട്ടുണ്ട്.

## 1-21 ടെണ്ടർ കിഴിവ് അന്തിമ ബില്ലിൽ കുറച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് | പാമ്പാക്കട ബ്ലോക്ക് അറുപതാം വാർഷിക ഹാളിന് ടോയ്‌ലറ്റ് സൌകര്യം,101/21 |
| നിർവ്വഹണം | അസി.എഞ്ചിനിയർ |
| കരാറുകാരൻ | ശ്രീ ജിൻസ് കെ എ |
| അളവ് പുസ്തകം | 34/PB/20-21 |
| അടങ്കൽ തുക | 500000(സി.എഫ്.സി) |
| ചെലവ് വിവരം(ബിൽനം/തീയതി) | 486903'/-(20120300000000396 /21.04.2020) |

ബ്ലോക്ക്പഞ്ചായത്തിലെ അറുപതാം വാർഷിക ഹാളിന് ടോയ്‌ലറ്റ് സൌകര്യം ഒരുക്കുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. ടെണ്ടർ ക്ഷണിച്ചതിന്റെയടിസ്ഥാനത്തിൽ കുറവ് തുക ക്വാട്ട് ചെയ്ത കരാറുകാരന് തന്നെയാണ് പ്രവൃത്തി ചെയ്യുന്നതിനുള്ള അനുമതി നൽകിയത്. കരാറുകാരൻ ബ്ലോക്ക്പഞ്ചായത്തിൽ സമർപ്പിച്ച ടെണ്ടർ പ്രകാരം എസ്റ്റിമേറ്റിനേക്കാൾ 1.463% കുറവിൽ പ്രവൃത്തി ചെയ്യാമെന്നാണ് സമ്മതിച്ചിരുന്നത്. ഇക്കാര്യം കരാറുകാരന് അന്തിമ ബിൽ തുക നൽകിയപ്പോൾ പരിഗണിച്ചില്ല. ആയതിനാൽ കരാറുകാരന് അധിക തുക നൽകാനിടയായി. വിശദ വിവരം ഭാഗം 3-2ൽ ചേർത്തിട്ടുണ്ട്.

## 1-22 കുറഞ്ഞ അടങ്കൽ തുകയുള്ള പ്രോജക്ടുകൾ ഏറ്റെടുത്തത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

ബ്ലോക്ക് പഞ്ചായത്തുകൾ 5 ലക്ഷം രൂപയിൽ കുറവ് അടങ്കലുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ലായെന്ന് പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ (ജി.ഒ.(എം.എസ്.)നം.22/2018/ത.സ്വ.ഭ.വ, തീയതി. 14.02.2017) ഖ.6.9(2) സബ്സിഡി മാർഗ്ഗരേഖ (ജി.ഒ(എം.എസ്) നം.80/2017/ത.സ്വ.ഭ.വ തീയതി.03.04.2017) ഖ.16 എന്നിവയിൽ നിർദ്ദേശിച്ചിട്ടുണ്ട്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾ, പുതുക്കിപ്പണിയൽ, കൂട്ടിച്ചേർക്കലുകൾ, എന്നിവയ്ക്കും സാമഗ്രികൾ വാങ്ങുന്നതിനും ഉള്ള പ്രോജക്ടുകൾക്ക് കുറഞ്ഞ പരിധി ബാധകമല്ല. അതുപോലെ റോഡിതര മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ച് ചെയ്യുന്ന പ്രവൃത്തികൾക്കും പട്ടികവർഗ്ഗ ഊരുകളിൽ നടപ്പാലങ്ങൾ, പടവുകൾ എന്നിവയ്ക്കുള്ള പ്രവൃത്തികൾക്കും കുറഞ്ഞ പരിധി ബാധകമല്ല. എന്നാൽ 2020-21 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന 52 പ്രോജക്ടുകളിൽ താഴെ ചേർക്കുന്നവ 5 ലക്ഷം രൂപയിൽ കുറവ് അടങ്കലുള്ളവയായിരുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ. നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ |
|---|---|---|---|
| 1 | 16/21 | കാർത്തികപ്പാടം ലീഡിംഗ് ചാനൽ-രാമമംഗലം | 474367 |
| 2 | 48/21 | എ ഇ ഒ ഓഫീസ് ഇലക്ട്രിഫിക്കേഷൻ | 175000 |
| 3 | 104/21 | ബ്ലോക്ക് പഞ്ചായത്ത് കോമ്പൌണ്ട് വാൾ പൂർത്തീകരണം | 280000 |
| 4 | 105/21 | ചാലിക്കുഴി മണമേൽത്താഴം ലീഡിംഗ് ചാനൽ പൂർത്തീകരണം | 200000 |
| 5 | 123/21 | അമ്പലപ്പടി-കൈനി റോഡ് നവീകരണം | 439349 |
| 6 | 85/21 | മുത്താംകുന്ന് വനിതാ വ്യവസായ കേന്ദ്രം | 63681 |
| 7 | 64/21 | ബ്ലോക്ക് മോഡൽ അഗ്രോ സർവ്വീസ് സെന്ററിന് കാർഷിക ഉപകരണ ഷെഡ് നിർമ്മാണം | 75000 |
| 8 | 106/21 | മുട്ടത്തുമാക്കിൽചിറ പുനരുദ്ധാരണം-പൂർത്തീകരണം | 485000 |

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നം.02/28.05.2022)നൽകിയതിന് മറുപടി ലഭിച്ചില്ല. പ്രോജക്ടുകൾ രൂപീകരിക്കുമ്പോൾ തന്നെ ഇത് സംബന്ധിച്ച നിബന്ധനകൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതായിരുന്നു. ഭാവിയിൽ പ്രോജക്ടുകൾ ആവിഷ്കരിക്കുമ്പോൾ സർക്കാർ നിർദ്ദേശ പ്രകാരം നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-23 ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിൽ ഉൾപ്പെടാത്ത പ്രവൃത്തികൾ നടപ്പാക്കി

കുടിവെള്ള പദ്ധതികൾ ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിൽ ഉൾപ്പെടുന്ന പ്രവൃത്തികൾ അല്ല. സർക്കാർ സ്കൂളുകൾ ബ്ലോക്ക് പഞ്ചായത്തിന് വിട്ട് നൽകിയ സ്ഥാപനങ്ങളും അല്ല. എന്നാൽ താഴെ പരാമർശിക്കുന്ന കുടിവെള്ള പദ്ധതികളും സ്കൂളുകളിൽ ടോയ്ലറ്റുകളും ബ്ലോക്ക് പഞ്ചായത്ത് തൻ വർഷം ഏറ്റെടുത്ത് നടത്തിയതായി കാണുന്നു.

| പ്രോജക്ട് | ബിൽ നം/ തീയതി | ചെലവഴിച്ച തുക |
|---|---|---|
| 35/21, പാലക്കുഴ ഗവ.മോഡൽ ഹൈസ്കൂളിൽ ഷീ ടോയ്ലറ്റ്, അടങ്കൽ ₹450000/- (സി.എഫ്.സി) | 20120300030000000 8929/30.03.2021 | 384381 |
| 37/21 മാമലശ്ശേരി ഗവ. ഹയർ സെക്കന്ററി സ്കൂളിൽ ഷീ ടോയ്ലറ്റ് അടങ്കൽ ₹600000/- (സി.എഫ്.സി) | 201203000300000008860/30.03.2021 | 419171 |
| 36/21, തിരുമാറാടി ഗവ. ഹയർ സെക്കന്ററി സ്കൂളിൽ ഷീ | 201203000300000009012/31.03.2021 | 447398 |

| | | |
|---|---|---|
| ടോയ്‌ലറ്റ് അടങ്കൽ ₹600000/- (സി.എഫ്.സി) | | |
| 100/21, ഊരമന ഗവ. ഹയർ സെക്കന്ററി സ്കൂളിൽ ആധുനിക ശൌചാലയം നിർമ്മാണം, അടങ്കൽ ₹500000/- (വികസന ഫണ്ട്, പൊതു വിഭാഗം) | 20120300030000000381/21.04.2020 | 420000 |
| C129/21, മാണിക്കുന്ന് കുടിവെള്ള പദ്ധതി പൂർത്തീകരണം, അടങ്കൽ ₹ 75000/-(വികസന ഫണ്ട്, പൊതു വിഭാഗം) | 20120300030000002874/29.07.2020 | 74633 |
| | ആകെ | 1745583 |

ഗ്രാമപഞ്ചായത്തിന്റെ സമ്മതത്തോടെ കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കാവുന്നതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 29.01.2008 ലെ സ.ഉ(കൈ) 11/2018 ലെ ഖ 7.1 (ബി).8 പ്രകാരം അനുവദിച്ചിട്ടുണ്ടെങ്കിലും അത്തരം ഒരു അനുവാദം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിൽ നിന്നും നേടിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരാത്ത പ്രവൃത്തി നടപ്പാക്കിയതിന് വിശദീകരണം നൽകുന്നതിന് ഓഡിറ്റ് എൻക്വയറി(നം.03/28.05.2022) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരാത്ത പ്രവൃത്തി നടപ്പാക്കിയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 1745583/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

.

## 1-24 ചെക്ക് ഡാം -സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പാക്കി

| | |
|---|---|
| പ്രോജക്ട് | 86/21,കണ്ണോത്ത്കുഴി ചെക്ക് ഡാം നിർമ്മാണം |
| നിർവ്വഹണം | അസി.എഞ്ചിനിയർ |
| അടങ്കൽ തുക | 1200000(വികസന ഫണ്ട്(ജനറൽ)-700000,തനതു ഫണ്ട്-500000) |
| ചെലവ് വിവരം(ബിൽ നം/തീയതി) | 1195727(20120300000000380/20.04.2020) |

പാലക്കുഴ ഗ്രാമപഞ്ചായത്തിലെ കണ്ണോത്ത്കുഴിയിൽ ചെക്ക് ഡാം നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ചതാണ് ഈ പ്രോജക്ട്. എന്നാൽ, പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെയാണ് പ്രോജക്ട് ആവിഷ്കരിച്ചിട്ടുള്ളത്. 14.02.2018ലെ സ.ഉ(കൈ)22/2018/ത.സ്വ.ഭ.വ ഉത്തരവിലെ ഖണ്ഡിക 6.5.6 പ്രകാരം ജലസേചന പരിപാടികളുടെ ഗുണഭോക്തൃ പ്രദേശം നിർണ്ണയിക്കുന്നതിന് കൃഷി ഓഫീസർ നൽകുന്ന ആയക്കെട്ട് സർട്ടിഫിക്കറ്റ് നിർബന്ധമാണ്. എന്നാൽ, ആയക്കെട്ട് സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. രണ്ട് സ്വകാര്യ വ്യക്തികളുടെ സ്ഥലത്തിലൂടെ ഒഴുകുന്ന തോടിനു കുറുകെയാണ് പ്രോജക്ടിനായി ചെക്ക് ഡാം നിർമ്മിച്ചിട്ടുള്ളത്. ഈ സ്വകാര്യവ്യക്തികളുടെ കൃഷിയ്ക്കായിട്ടാണ് ഫലത്തിൽ ചെക്ക് ഡാമിലെ വെള്ളം ഉപയോഗിക്കുന്നത്. 29.01.2018ലെ സ.ഉ(കൈ)11/2018/തസ്വഭവ ഉത്തരവിലെ ഖണ്ഡിക 7.1(ബി).1 പ്രകാരം ജലസേചന പ്രോജക്ടുകളുടെ തുടർ നടത്തിപ്പും സംരക്ഷണവും പരിപാലനവും പാടശേഖരസമിതി/കർഷകകൂട്ടായ്മ/ഗുണഭോക്തൃസമിതി എന്നിവയുടെ ചുമതലയായി പ്രോജക്ടിൽ വ്യവസ്ഥ ചെയ്യണം. എന്നാൽ, മേൽ പ്രകാരം വ്യവസ്ഥ ചെയ്യാതെയാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. അതിനാൽ തന്നെ പദ്ധതിയുടെ ഗുണഭോക്താക്കളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. ഈ അപാകതകൾ വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.08/29.05.2022)മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. സർക്കാർ

സമയാസമയങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി മാത്രം പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-25 വനിതാ കേന്ദ്രങ്ങളുടെ നിർമ്മാണം ധനവിനിയോഗത്തിനുള്ള ഉപാധി മാത്രമായി പരിമിതപ്പെടുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 172 (1)-ാം വകുപ്പിനു കീഴിലുള്ള നാലാം പട്ടികയിലാണ് ബ്ലോക്ക് പഞ്ചായത്തിന്റെ പൊതുവും മേഖലാടിസ്ഥാനത്തിലുള്ളതുമായ ചുമതലകൾ നിർവചിച്ചിട്ടുള്ളത്. മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിലെ ചെറുകിട വ്യവസായം (ഇനം V), ദാരിദ്ര്യ നിർമാർജ്ജനം (ഇനം XII), സഹകരണം (ഇനം Xiv), പഞ്ചവത്സര പദ്ധതി മാർഗരേഖകളിൽ പരാമർശിക്കുന്ന ജെൻഡർ ബജറ്റ് വിഹിതം വകയിരുത്തൽ എന്നിവയുടെ ചുവടുപിടിച്ച് ബ്ലോക്ക് പഞ്ചായത്ത് ഓരോ വർഷവും ഒരു ഡിവിഷനിൽ ഒരെണ്ണമെന്ന കണക്കിൽ വനിതാ തൊഴിൽ പരിശീലന കേന്ദ്രം, വനിതാ വ്യവസായ കേന്ദ്രം, വനിതാ കാർഷിക ഉത്പന്ന വിപണന കേന്ദ്രം, വനിതാ കാർഷിക സഹകരണ സംഘം, വനിതാ വിപണന കേന്ദ്രം തുടങ്ങിയ പേരുകൾ നൽകി വലിയ അടങ്കലിൽ കെട്ടിടനിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുത്തു വരുന്നു.

ജനകീയാസൂത്രണപദ്ധതിയുടെ ഭാഗമായി ബ്ലോക്ക് പഞ്ചായത്തിന് ഓരോ വർഷവും ലഭിക്കുന്ന വികസന ഫണ്ടിൽനിന്ന് അനിവാര്യ വകയിരുത്തലിന് മാറ്റിവെച്ചതിനുശേഷം വരുന്ന തുകയുടെ പത്തു ശതമാനം വനിതാ ഘടകപദ്ധതി പ്രോജക്ടുകൾക്ക് നിർബന്ധമായി വകയിരുത്തണമെന്ന് എല്ലാ പഞ്ചവത്സര പദ്ധതി മാർഗരേഖകളിലും പ്രത്യേക നിർദ്ദേശമുള്ളതാണ്. പ്രസ്തുത വകയിരുത്തൽ കൃത്യമായാൽ മാത്രമേ ഓരോ വാർഷിക പദ്ധതിക്കും വിവിധ തലങ്ങളിൽനിന്ന് അംഗീകാരം ലഭിക്കൂ. ഈ പദ്ധതി മാനദണ്ഡം പാലിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് കണ്ടെത്തിയിട്ടുള്ള ലളിത മാർഗമാണ് മേൽ പ്രസ്താവിച്ച പേരുകളിൽ കെട്ടിടം നിർമ്മിക്കുന്ന പ്രോജക്ടുകൾ ഏറ്റെടുക്കുക എന്നുള്ളത്. ശരാശരി 50 ലക്ഷം രൂപയിൽ താഴെ ഓരോ വർഷവും വനിതാ കേന്ദ്രങ്ങൾക്കായി ചെലവഴിക്കപ്പെടുന്നുണ്ട്. പ്രസ്തുത പേരുകളിൽ വ്യാപകമായി ഏറ്റെടുത്തിട്ടുള്ള പ്രോജക്ടുകളിൽ ബഹു ഭൂരിപക്ഷവും യഥാർത്ഥ ലക്ഷ്യത്തിൽനിന്ന് വ്യതിചലിച്ച് നിഷ്ക്രിയ ആസ്തികളായി പരിണമിക്കുകയോ, നിർമ്മാണത്തിന്റെ പാതി വഴിയിൽ ഉപേക്ഷിക്കപ്പെടുകയോ ചെയ്യുന്നതായാണ് ഇതു സംബന്ധിച്ച വിലയിരുത്തലുകളിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നത്. തൻവർഷം 3 കെട്ടിടങ്ങളുടെ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾക്കായാണ് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയത്. ഇവയിൽതന്നെ മുൻ വാർഷിക പദ്ധതികളുടെ കാലയളവിൽ ആരംഭിച്ച് തുടർന്നു വരുന്നവയും ഉൾപ്പെടുന്നു. കെട്ടിട നിർമ്മാണത്തിന് തിരഞ്ഞെടുത്തിട്ടുള്ള സ്ഥലങ്ങളുടെ ഉടമസ്ഥാവകാശം സ്ഥിരീകരിക്കുന്ന രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. പൂർത്തീകരിച്ച പല കെട്ടിടങ്ങളും ലക്ഷ്യം സാക്ഷാത്ക്കരിക്കാനുതകും വിധം ജനങ്ങൾക്ക് തുറന്നു നൽകുന്നതിനു പകരം അടച്ചിട്ടിരിക്കുകയാണ്. ചെറുസമ്മേളനം, യോഗങ്ങൾ തുടങ്ങിയ പരിപാടികൾക്ക് മാത്രമാണ് അവ പ്രയോജനപ്പെടുന്നത്. വിവിധ വാർഷിക പദ്ധതിയിലുൾപ്പെട്ട് തുടർന്നു വന്നതും തൻവർഷം പരിശോധനാവിധേയമാക്കിയതുമായ വനിതാകേന്ദ്ര നിർമ്മാണ പ്രോജക്ടുകൾ സംബന്ധിച്ച പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് | തൻവർഷം ചെലവഴിച്ച തുക |
|---|---|---|
| 1 | 220/21,പുലക്കുഴി എസ്.സി കോളനി വനിതാ കേന്ദ്രം പൂർത്തീകരണം | 155639/- |
| 2 | 121/21,ഇലഞ്ഞി ക്രൂര് വനിത കാർഷിക വികസന കേന്ദ്രം | 853316/- |
| 3 | 118/21, തൊട്ടുവാക്കുഴി വനിതാ പരിശീലന കേന്ദ്രം | 947997/- |
| 4 | 109/21, രാമമംഗലം വനിത കാർഷിക ഉല്പന്ന വിപണന കേന്ദ്രം വയറിംഗ് | 122161/- |

ഉദാത്ത ലക്ഷ്യം മുൻനിർത്തി ലക്ഷക്കണക്കിനു രൂപ ചെലവഴിച്ച് നിർമ്മിക്കപ്പെടുന്ന ഇത്തരം ആസ്തികൾ നിഷ്ക്രിയ ആസ്തികളായി മാറുന്ന കാഴ്ച ഏറെ ദൌർഭാഗ്യകരമാണ്. നിർബന്ധിതമായി മാറ്റിവെയ്ക്കപ്പെടുന്ന പദ്ധതിപ്പണം നിഷ്ക്രിയ ആസ്തി നിർമ്മിതികൾക്കായി വിനിയോഗിക്കപ്പെടുന്നത് ഒഴിവാക്കപ്പെടേണ്ടതാണ്. ടി പ്രോജക്ടുകളുടെ പൂർത്തീകരണ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. നിലവിൽ ഈ ആസ്തികൾ നിഷ്ക്രിയമായി തുടരുകയാണോ എന്നും അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.09/29.05.2022)മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. നിർമ്മിക്കുന്ന കെട്ടിടങ്ങൾ യഥാവിധി ഉപയോഗിക്കപ്പെടുന്നുവെന്നും ഭാവിയിൽ ഇത്തരം പ്രോജക്ടുകൾ ആവശ്യാധിഷ്ഠിതമായി മാത്രം ഏറ്റെടുക്കുന്നുവെന്നും ഭരണസമിതി ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-26 ഷ്രെഡഡ് പ്ലാസ്റ്റിക്ക് വിപണനം-കരാർ വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം./ പേര് | 110/21 ബ്ലോക്ക് പഞ്ചായത്ത് വി.ജി.എഫ്.വിഹിതം |
| അടങ്കൽ/ചെലവ്<br>(ചെലവ് പത്രിക പ്രകാരം) | ₹206000/-<br>₹206000/- |
| ചെലവ് വിവരം(അനുമതി ഉത്തരവ് നം./തീയതി) | 304/31.03.20 |
| ഫണ്ടിനം | വികസന ഫണ്ട് പൊതുവിഭാഗം |

മേൽ പ്രോജക്റ്റിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകത കാണുന്നു.

തിരുമാറാടി ഗ്രാമപഞ്ചായത്തിനായി തുക കൈമാറിക്കൊണ്ട് നടപ്പാക്കിയ മേൽ പ്രോജക്റ്റിനായി ക്ലീൻ കേരള കമ്പനിയുമായി ഷ്രെഡഡ് പ്ലാസ്റ്റിക്കിന്റെ വിപണനവുമായി ബന്ധപ്പെട്ട് 02.03.20ൽ തിരുമാറാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഒന്നാം കക്ഷിയായും, ബ്ലോക്ക് പഞ്ചയത്ത് സെക്രട്ടറി രണ്ടാം കക്ഷിയായും, ക്ലീൻ കേരള കമ്പനിയുടെ എം.ഡി മൂന്നാം കക്ഷിയായും ഒരു കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഈ കരാറിലെ 10-ാം ഇനമായി, ഷ്രെഡഡ് പ്ലാസ്റ്റിക്കിന്റെ വിപണനം വഴി ലഭിക്കുന്നതും RRF കളിൽ എത്തുന്നതും എന്നാൽ അവിടെ സംസ്കരണ സംവിധാനം ഇല്ലാത്തതുമായ അജൈവ മാലിന്യങ്ങൾ വിറ്റ് കിട്ടുന്ന വരുമാനത്തിൽ നിന്നും RRF കളുടെ പ്രവർത്തന പരിപാലനത്തിന് ചെലവാകുന്ന തുകയും, പുന:ചംക്രമണത്തിന് സാധ്യമല്ലാത്ത അജൈവ മാലിന്യങ്ങളുടെ സംസ്കരണത്തിന് ചെലവാകുന്ന തുകയും കിഴിച്ചുള്ള ലാഭത്തിന്റെ 50% ക്ലീൻ കേരള കമ്പനി ബ്ലോക്ക് പഞ്ചായത്തിന് നൽകണമെന്നതാണ്. ഇത്തരത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമായ തുകയുടെ വിവരം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11), ബ്ലോക്ക് പഞ്ചായത്തിന് ക്ലീൻ കേരള കമ്പനിയിൽ നിന്ന് ഇതുവരെ തുകയൊന്നും ലഭ്യമായിട്ടില്ല എന്നും, ലാഭവിഹിതം ആവശ്യപ്പെട്ട് കമ്പനിക്ക് കത്ത് നൽകാമെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന് അർഹതപ്പെട്ട തുക നേടിയെടുക്കുന്നതിന് ജാഗ്രത പുലർത്തേണ്ടതാണ്.

## 1-27 അങ്കണവാടികളിൽ സിസിടിവി ക്യാമറ സ്ഥാപിക്കൽ -മോണിട്ടറിംഗ് കാര്യക്ഷമമാക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്ട് നം | 21/21 |
| പ്രൊജക്ടിന്റെ പേര് | സുദൃശ്യ-സ്മാർട്ട് ക്ലാസ് റൂം സ്ഥാപിച്ച അങ്കണവാടികളിൽ സിസിടിവി ക്യാമറ സ്ഥാപിക്കൽ |
| അടങ്കൽ/ഫണ്ടിനം | 600000/-<br>വികസനഫണ്ട് |
| ചെലവ് | 566100/-<br>BRN-20120363084001391350/27.03.21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സിഡിപിഒ |

പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള അഞ്ച് പഞ്ചായത്തുകളിലെ സ്മാർട്ട് ക്ലാസ് റൂം സ്ഥാപിച്ച 23 അങ്കണവാടികളിൽ മേൽ പ്രോജക്ട് മുഖേന സിസിടിവി ക്യാമറകൾ സ്ഥാപിച്ചിരുന്നു. അങ്കണവാടികളിലെത്തുന്ന പ്രീസ്കൂൾ കുട്ടികൾക്ക് സുരക്ഷിതമായ ചുറ്റുപാട് ഉറപ്പ് വരുത്തുക എന്നതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. ഇ-ടെണ്ടർ ക്ഷണിച്ച് നടപ്പാക്കിയ പ്രസ്തുത പദ്ധതി കരാറെടുത്തത് ഇന്ദ്രിയ ഏജൻസീസ്,കണ്ണൂർ എന്ന സ്ഥാപനമാണ്. സെർവർ സ്ഥാപിച്ച് മോണിട്ടറിംഗ്/നിരീക്ഷണ സംവിധാനം ഒരുക്കിയിരുന്നത് ബ്ലോക്ക് പഞ്ചായത്ത് കോമ്പൌണ്ടിൽ സ്ഥിതി ചെയ്യുന്ന സിഡിപിഒ ഓഫീസിലാണ്. നിലവിൽ ടി സംവിധാനം പ്രവർത്തനക്ഷമമാണോ എന്നറിയിക്കുവാനും സിസ്റ്റം ഇൻസ്റ്റാൾ ചെയ്ത 18.12.20 മുതൽ നാളിതുവരെയുള്ള മോണിട്ടറിംഗ് റിപ്പോർട്ട്/ നിരീക്ഷണ വിവരങ്ങൾ (സോഫ്റ്റ് കോപ്പി) ലഭ്യമാക്കുവാനുമാവശ്യപ്പെട്ടുള്ള എൻക്വയറിയ്ക്ക് (നം-21/31.05.2022) 16.02.2022 തീയതി മുതൽ സംവിധാനം തകരാറിലായിരിക്കുകയാണെന്നും വിവരം സ്ഥാപനത്തെ അറിയിച്ചിട്ടുണ്ടെന്നും വ്യക്തമാക്കി.ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധികളും പെർഫോമൻസ്

ഓഡിറ്റ് അംഗങ്ങളും നേരിട്ടെത്തി സംവിധാനം നിരീക്ഷിച്ചിട്ടുണ്ടെന്നും എന്നാൽ മോണിട്ടറിംഗ് റിപ്പോർട്ടിന്റെ കോപ്പി അങ്കണവാടികളിലെ ഹാർഡ് ഡിസ്കിൽ നിന്നാണ് എടുക്കുവാൻ കഴിയുന്നതെന്നും അത് കരാറെടുത്ത പ്രസ്തുത സ്ഥാപനത്തിന് മാത്രമാണ് കഴിയുന്നതെന്നും മറുപടിയിൽ വിശദീകരിച്ചു. സി.ഡി.പി.ഒയ്ക്ക് സ്റ്റോറേജ് ഡാറ്റ എടുക്കുവാൻ കഴിയാത്തത് കരാറെടുത്ത സ്ഥാപനത്തെ അറിയിക്കേണ്ടതാണ്. സ്ഥാപനവുമായി ബന്ധപ്പെട്ട് കമ്പ്യൂട്ടർ തകരാർ ഉടനടി പരിഹരിക്കേണ്ടതും സി.ഡി.പി.ഒ ഓഫീസിലെ സെർവർ കമ്പ്യൂട്ടറിൽ നിന്നും ഫൂട്ടേജ് പ്രിന്റ്സ് ലഭ്യമാകുന്ന രീതിയിൽ സ്റ്റോറേജ് ബാക്കപ്പ് സംവിധാനം സജ്ജമാക്കി മോണിട്ടറിംഗ് സംവിധാനം കാര്യക്ഷമമാക്കേണ്ടതുമാണ്. സിസിടിവി സംവിധാനം തകരാറിലാകുമ്പോൾ തന്നെ ആയത് കാലതാമസമില്ലാതെ പരിഹരിക്കപ്പെടുന്നുണ്ടെന്ന് നിർവഹണോദ്യോഗസ്ഥ ഉറപ്പ് വരുത്തേണ്ടതാണ്. മോണിട്ടറിംഗിലെ പിഴവ് മൂലം കുട്ടികളുടെ സുരക്ഷ മുൻനിർത്തി നടപ്പാക്കിയ മേൽ പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യം കൈവരിക്കപ്പെടാതെ പോകരുതെന്നും ആയതിലേയ്ക്കാവശ്യമായ നടപടികൾ സമയബന്ധിതയായി കൈക്കൊള്ളണമെന്നും ഓഡിറ്റ് നിർദ്ദേശിക്കുന്നു.

### 1-28 ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കാതെ നിലനിൽക്കുന്നു

പഞ്ചായത്തിൽ 1995-96 മുതലുള്ള വിവിധ വർഷങ്ങളിലായി 15 ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാൻ അവശേഷിക്കുന്നുണ്ട്.(ഖണ്ഡിക 4-11കാണുക) 2015-16 മുതൽ 2019-20 വരെയുള്ള അവസാന അഞ്ച് വർഷങ്ങളിലെ തീർപ്പാക്കാനവശേഷിക്കുന്ന പ്രധാന പരാമർശങ്ങൾ താഴെ ചേർക്കുന്നു.

1)ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സഞ്ചാര സഹായത്തിന് സൈഡ് വീലോടുകൂടിയ സ്കൂട്ടർ വിതരണത്തിലെ അപാകതകൾ പരിഹരിച്ചിട്ടില്ലാത്തതിനാൽ 4,05,000/- രൂപയുടെ തടസം തുടരുന്നു (2015-16 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക-3.2)

2)വാടകകുടിശ്ശിക അടവാക്കിയിട്ടുള്ളവരിൽ നിന്നും പിഴപ്പലിശ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. (2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക-2.1)

3)പാമ്പാക്കുട ബ്ലോക്ക് 60-ാം വാർഷിക ഹാൾ പൂർത്തീകരണം - ലഭിച്ച മണ്ണ് ലേലം ചെയ്തില്ല എന്ന പരാമർശവും നിലനിൽക്കുന്നു(2017-18 ഓഡിറ്റ് റിപ്പോർട്ട്-ഖണ്ഡിക-3.2)

4) ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക നാളിതുവരെ പൂർണമായി ഈടാക്കിയിട്ടില്ല. (2017-18 ഓഡിറ്റ് റിപ്പോർട്ട്-ഖണ്ഡിക-2.1)

5)കെ.എം.സി.എസ്.എൽ ന് അഡ്വാൻസായി തുക നല്കിയിട്ടും രാമമംഗലം, പാമ്പാക്കുട സി.എച്ച്.സി കളിൽ പ്രസ്തുത തുകയ്ക്കുള്ള മരുന്ന് നാളിത് വരെയും ലഭ്യമായിട്ടില്ല.(2018-19 ഓഡിറ്റ് റിപ്പോർട്ട്-ഖണ്ഡിക-2.1)

കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ തീർപ്പാകാതെ അവശേഷിക്കുന്ന പ്രധാന പരാമർശങ്ങൾ മാത്രമാണ് മുകളിൽ ചേർത്തിട്ടുള്ളത്. അവശേഷിക്കുന്ന മുഴുവൻ ഖണ്ഡികകളും തീർപ്പാക്കുന്നതിന് നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കരാറുകാരൻ ക്വാട്ട് ചെയ്തതിനേക്കാൾ അധിക നിരക്ക് നൽകി

| | |
|---|---|
| പ്രോജക്ട് | കാർത്തികപ്പാടം ലീഡിംഗ് ചാനൽ,രാമമംഗലം,16/21 |
| നിർവ്വഹണം | അസി.എഞ്ചിനിയർ |
| കരാറുകാരൻ | ശ്രീ പി എം ബേബി |
| അളവ് പുസ്തകം | 17/PB/20-21 |
| അടങ്കൽ തുക | 474367(സി.എഫ്.സി) |
| ചെലവ് വിവരം(ബിൽനം/തീയതി) | 440348/-(20120300000008929 /30.03.2021) |

രാമമംഗലം ഗ്രാമപഞ്ചായത്തിൽ ലീഡിംഗ് ചാനൽ നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. ടെണ്ടർ ക്ഷണിച്ചതിന്റെയടിസ്ഥാനത്തിൽ കുറവ് തുക ക്വാട്ട് ചെയ്ത കരാറുകാരന് തന്നെയാണ് പ്രവൃത്തി ചെയ്യുന്നതിനുള്ള അനുമതി നൽകിയത്. എന്നാൽ കരാറുകാരൻ ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച ടെണ്ടർ എഗ്രിമെന്റ് ശരിയായി വിലയിരുത്താതിരുന്നത് കാരണം ക്വാട്ട് ചെയ്ത നിരക്കിനേക്കാൾ അധിക

തുക കരാറുകാരന് നൽകാനിടയായി. വിശദ വിവരം താഴെ ചേർക്കുന്നു.

| ഇനം | ചെയ്ത അളവ്,കരാറുകാരന് നൽകിയ തുക | കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് പ്രകാരമുള്ള തുക | അധികം നൽകിയ തുക |
|---|---|---|---|
| 2.8.1 : Earth Work Excavation By Mechanical Means | 24.833$m^3$x229.72= 5704.64 | 24.833$m^3$x207= 5140.43 | 564 |
| 4.1.8 : Providing And Laying In Position Cement Concrete Of Specified Grade – All Work Up To Plinth Level – 1:4:8 | 14.513$m^3$x6157.40= 89357.12 | 14.513$m^3$x5597.31= 81233.76 | 8123 |
| 4.3.2 : Centering And Shuttering Including Strutting, Propping, Etc. And Removal Of Form Work For Retaining Walls. | 180.60$m^2$x520.53= 94007.72 | 180.60$m^2$x473.21= 85461.72 | 8546 |
| 4.1.6 : Providing And Laying In Position Cement Concrete – All Work Up To Plinth Level 1:3:6 | 24.06m3x6619.50= 159265.17 | 24.06$m^3$x6017.78= 144787.78 | 14477 |
| 4.1.3 : Providing And Laying In Position Cement Concrete – All Work Up To Plinth Level 1:2:4 | 2.903$m^3$x7537.17= 21880.41 | 2.903$m^3$x6851.98= 19891.29 | 1989 |
| 13.16 .1 : 6 Mm Cement Plaster Of Mix 1:3 | 116.10$m^2$x197.70= 22952.97 | 116.10$m^2$x179.73= 20866.65 | 2086 |
| | | | 35785 |

മേൽ തുക അധികമായി നൽകിയതിന്റെ കാരണം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.13/30.05.2022)മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. ആയതിനാൽ അധികമായി കരാറുകാരന് നൽകിയ 35785/-രൂപ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ കരാറുകാരനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-2 ടെണ്ടർ കിഴിവ് അന്തിമ ബില്ലിൽ കുറച്ചിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് | പാമ്പാക്കട ബ്ലോക്ക് അറുപതാം വാർഷിക ഹാളിന് ടോയ്‌ലറ്റ് സൌകര്യം,101/21 |
| നിർവ്വഹണം | അസി.എഞ്ചിനിയർ |
| കരാറുകാരൻ | ശ്രീ ജിൻസ് കെ എ |
| അളവ് പുസ്തകം | 34/PB/20-21 |
| അടങ്കൽ തുക | 500000(സി.എഫ്.സി) |
| ചെലവ് വിവരം(ബിൽനം/തീയതി) | 486903'/-(20120300000000396 /21.04.2020) |

ബ്ലോക്ക്പഞ്ചായത്തിലെ അറുപതാം വാർഷിക ഹാളിന് ടോയ്‌ലറ്റ് സൌകര്യം ഒരുക്കുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്റ്റ്. ടെണ്ടർ ക്ഷണിച്ചതിന്റെയടിസ്ഥാനത്തിൽ കുറവ് തുക ക്വാട്ട് ചെയ്ത കരാറുകാരന് തന്നെയാണ് പ്രവൃത്തി ചെയ്യുന്നതിനുള്ള അനുമതി നൽകിയത്. കരാറുകാരൻ ബ്ലോക്ക്പഞ്ചായത്തിൽ സമർപ്പിച്ച ടെണ്ടർ പ്രകാരം എസ്റ്റിമേറ്റിനേക്കാൾ 1.463% കുറവിൽ പ്രവൃത്തി ചെയ്യാമെന്നാണ് സമ്മതിച്ചിരുന്നത്. ഇക്കാര്യം കരാറുകാരന് അന്തിമ ബിൽ തുക നൽകിയപ്പോൾ പരിഗണിച്ചില്ല. ആയതിനാൽ കരാറുകാരന് അധിക തുക നൽകാനിടയായി. വിശദ വിവരം താഴെ ചേർക്കുന്നു.

| കരാറുകാരന് നൽകിയ തുക(അന്തിമ ബിൽ തുക) | 1.463% ടെണ്ടർ കിഴിവ് വരുത്തി കരാറുകാരന് നൽകേണ്ട തുക | അധികം നൽകിയ തുക |
|---|---|---|
| 486903.11 | 479780 | 7123 |

മേൽ തുക അധികമായി നൽകിയതിന്റെ കാരണം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.14/30.05.2022)മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. ആയതിനാൽ അധികമായി കരാറുകാരന് നൽകിയ 7123/-രൂപ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ കരാറുകാരനിൽ നിന്നോ ഈടാക്കേണ്ടതാണ്.

### 3-3 വിവരങ്ങൾ രേഖപ്പെടുത്താത്ത ബില്ല് അംഗീകരിച്ച് തുക നൽകി - ₹2100/- ഓഡിറ്റ് നിരാകരിക്കുന്നു

| | | |
|---|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി | |
| പ്രോജക്റ്റ് നം./ പേര് | 01/21 പദ്ധതി രൂപീകരണവും നടത്തിപ്പും മോണിട്ടറിംഗും | SO 94/21 പദ്ധതി രൂപീകരണവും നടത്തിപ്പും മോണിട്ടറിംഗും |
| അടങ്കൽ/ചെലവ് (ചെലവ് പത്രിക പ്രകാരം) | ₹75000/- ₹34846/- | ₹130000/- ₹67622/- |
| ചെലവ് വിവരം(അനുമതി ഉത്തരവ് നം./തീയതി) | 309/27.3.21 | 306/31.3.21 |
| ഫണ്ടിനം | വികസന ഫണ്ട് പൊതുവിഭാഗം | വികസന ഫണ്ട് പൊതുവിഭാഗം |

മേൽ പ്രോജക്റ്റുകളുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ, പ്രോജക്റ്റ് നമ്പർ 01/21 ന്റെ നടത്തിപ്പിനായി Pro Medias എന്ന സ്ഥാപനത്തിന് സ്ഥാപനത്തിന്റെ ബിൽ നമ്പർ 325/26.1.21, 301/4.2.21, 318/15.2.21 എന്നിവ പ്രകാരം ₹450/- വീതം ആകെ ₹1350/- നൽകിയിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന്റെ ബിൽ പരിശോധിച്ചതിൽ ഈ തുക ഏതിനത്തിനായാണ് നൽകിയതെന്ന് രേഖപ്പെടുത്തിയിട്ടില്ല. യാതൊരു രേഖപ്പെടുത്തലുമില്ലാതെയുള്ള ബില്ലിൽ തുക മാത്രമാണ് എഴുതിയിരിക്കുന്നത്.

പ്രോജക്റ്റ് നമ്പർ 94/21 ന്റെ നടത്തിപ്പിനായി Pro Medias എന്ന സ്ഥാപനത്തിന് സ്ഥാപനത്തിന്റെ ബിൽ നമ്പർ 187/08.02.20 പ്രകാരം₹400/- 120/22.01.20പ്രകാരം₹350/- എന്നിങ്ങനെ ആകെ ₹750/- നൽകിയിട്ടുണ്ട്. ഈ ബില്ലിലും മേൽ പറഞ്ഞ അപാകതയുണ്ട്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.10) ന് ലഭ്യമാക്കിയ മറുപടിയിൽ, ഈ വിവരം ശ്രദ്ധയിൽപ്പെടാതിരുന്നതിനാലും, ചെലവ് അംഗീകരിക്കുന്നതിനായി സെക്രട്ടറി പുറപ്പെടുവിച്ച നടപടിക്രമത്തിൽ ടി ബില്ലുകളുടെ വിവരം ബാനർ എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാലുമാണ് തുക നൽകിയത് എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. ഈ മറുപടി അംഗീകരിക്കത്തക്കതല്ല. വിവരങ്ങൾ രേഖപ്പെടുത്താതെ, തുക മാത്രം ഉൾപ്പെടുത്തി ലഭ്യമാക്കിയ ബില്ല് അംഗീകരിച്ചുകൊണ്ട് ചെലവ് ചെയ്ത തുക ₹2100/- ഓഡിറ്റ് നിരാകരിക്കുന്നു. ₹2100/- ചെലവിന് ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2020-21 | 2020-21വാർഷിക ഓഡിറ്റിന്റെ ഭാഗമായിത്തന്നെയാണ് കണക്കുകൾ പരിശോധിച്ചിട്ടുള്ളത്. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇല്ല | | | | | |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇല്ല | | | | | |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| ഉദ്ദേശ്യം | | | ബാക്കിയുണ്ടായിരുന്ന തുക | മുതൽ | പലിശ | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| EMS Housing Scheme | GO(Rt)1365/ 2010/ Dt.21.04.2010 | 1503128 | 300626 | *300626 | 0 | 0 |
| IAY Housing | GO(M.S)90/2013 Dt.14.03.2013 | 4800000 | 2453413 | *2453413 | 0 | 0 |

*Source Deduction-G.O Rt-43/20/FIN, 01.01.21(Proj.no-163/21, 162/21)
(പലിശയിനത്തിൽ 61026/-രൂപ EMS വായ്പയിലും 3501667/-രൂപ IAYവായ്പയിലും അടവാക്കുവാൻ അവശേഷിക്കുന്നു)

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | |
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2100/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തിയ്യതി |
|---|---|---|---|---|
| 2008-09 | 3-9 | 2100 | ബി.ഓമനക്കുട്ടൻ ഡ്രൈവർ | 42000013/17.09.2020 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 51594080.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 55897514.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 45008.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2668739.00 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3-1 | - | 35785.00 | ശ്രീ.രതീഷ് രവീന്ദ്രൻ അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. |
| 3-2 | | 7123.00 | |
| 3-3 | | 2100.00 | ശ്രീ.വിനീത്.കെ.എം, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| ആകെ | - | 45008.00 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 670000.00 | ശ്രീ.ബൈജു.ടി.പോൾ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 1-13 | 43760.00 | |
| 1-14 | 7030.00 | |
| 1-16 | 202366.00 | ഡോ.ജോബ്.സി.ഒ, മെഡിക്കൽ ഓഫീസർ രാമമംഗലം, സി.എച്ച്.സി. |
| 1-23 | 1745583.00 | ശ്രീ.രതീഷ് രവീന്ദ്രൻ അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. |
| ആകെ | 2668739.00 | |

.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | ഇല്ല |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബൈജു.ടി.പോൾ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, പാമ്പാക്കുട | തെക്കേപ്പൊല്ലയിൽ, ഇഞ്ചൂർ, കോഴിപ്പിള്ളി.പി.ഒ. കോതമംഗലം. |
| ഡോ.ജോബ്.സി.ഒ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ രാമമംഗലം, സി.എച്ച്.സി. | ചേന്നക്കര ഹൗസ്, ഈസ്റ്റ് താന, ഇരിങ്ങാലക്കുട, 680121 |
| രതീഷ് രവീന്ദ്രൻ , അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, പാമ്പാക്കുട | എളവനാൽപുത്തനപ്പുരയിൽ, പാലക്കുഴ.പി.ഒ. |
| ശ്രീ.വിനീത്.കെ.എം, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ചൊവ്വന്നൂർ | പള്ളത്ത് വീട്, മമ്മിയൂർ, ഗുരുവായൂർ 68010 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്ക്സ് |
|---|---|---|

| | | |
|---|---|---|
| 1995-96<br>1996-97 | എൽ.എഫ്.ഇ.(സി)834/2000/22.1.2001 | - |
| 1997-98 | എൽ.എഫ്.ഇ.(സി).835/2000/22.1.01/ 15.2.01 | - |
| 2000-01<br>2001-02 | എൽ.എഫ്.ഇ.(സി)195/2000/ 20.4.2005 | - |
| 2003-04 | കെ.എസ്.എ.-ഇ.കെ.എം.(ബിപി)1678/18, 01.10.2019 | |
| 2007-08 | കെ.എസ്.എ.-ഇ.കെ.എം.(ബിപി)414/21, 03.05.2021 | |
| 2008-09 | കെ.എസ്.എ.-ഇ.കെ.എം.(ബിപി)1215/20, 09.11.2020 | |
| 2009-10 | കെ.എസ്.എ.-ഇ.കെ.എം.(ബിപി)1216/20, 09.11.2020 | |
| 2010-11, 2011-12 | കെ.എസ്.എ.-ഇ.കെ.എം.(ബിപി)1080/20, 06.11.2020 | |
| 2012-13&<br>2013-14 &<br>2014-15 | കെ.എസ്.എ.-ഇ.കെ.എം.(ബിപി)1678/18, 01.10.2019. | |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(ബി.പി)1880/ 2021/ 05.01.2022 | - |
| 2016-17 | കെ.എസ്.എ.ഇ.കെ.എം.(ബി.പി)1154/2018 /09.11.2020 | - |
| 2017-18 | കെ.എസ്.എ.ഇ.കെ.എം.(ബി.പി)283/2019 /06.11.2020 | - |
| 2018-19 | കെ.എസ്.എ.ഇ.കെ.എം.(ബി.പി)1317/2021 /06.12.2021 | - |
| 2019-20 | കെ.എസ്.എ.ഇ.കെ.എം.(ബിപി)906/2020 /03.01.2022 | |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്